പതിമൂന്നാം കേരളനിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1691 02/07/2015 ൽ മറുപടിയ്ക്ക്.

# നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു; അവിടങ്ങളിൽ 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള എത്ര കുട്ടികൾ പഠിക്കുന്നു; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് ആകെ 1034 നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു. നിലത്തെഴുത്ത് കളരികളിലെ 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെ എണ്ണം 12443 ആണ്. അതിന്റെ വിശദാംശങ്ങൾ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | നിലത്തെഴുത്ത് കളരികളുടെ എണ്ണം | 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ |
|---|---|---|
| തിരുവനന്തപുരം | ഇല്ല | ഇല്ല |
| കൊല്ലം | 312 | 3512 |
| പത്തനംതിട്ട | 78 | 804 |
| ആലപ്പുഴ | 436 | 5762 |
| കോട്ടയം | 95 | 1033 |
| ഇടുക്കി | 34 | 438 |
| എറണാകുളം | 65 | 814 |
| തൃശ്ശൂർ | 12 | 63 |
| പാലക്കാട് | ഇല്ല | ഇല്ല |
| മലപ്പുറം | 2 | 17 |
| കോഴിക്കോട് | ഇല്ല | ഇല്ല |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | ഇല്ല | ഇല്ല |
| കാസർഗോഡ് | ഇല്ല | ഇല്ല |
| ആകെ | 1034 | 12443 |

(ബി) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ബി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ